# KERALA STATE ELECTRICITY BOARD LIMITED

*(Incorporated under the Companies Act, 1956)* **CIN:U40100KL2011SGC027424**
*Reg. Office: Vydyuthi Bhavanam, Pattom, Thiruvananthapuram – 695 004 Website: www.kseb.in*

Office of the Director (Distribution , IT & HRM)
Vydyuthi Bhavanam, Pattom, Thiruvananthapuram – 695 004, Kerala
Phone: +91 471 2514685, 2514331, Fax: 0471 2447228 E-mail: ddkseb@kseb.in


**D (D, IT & HRM)/ COVID 19/ 2019 – 2020/20** **06.07.2020**

## പരിപത്രം

വിഷയം: കോവിഡ് 19 - ഓഫീസ് പ്രവർത്തനം ക്രമീകരിക്കുന്നതിനുള്ള തുടർനിർദ്ദേശങ്ങൾ സംബന്ധിച്ച്

സൂചന : 1. 19.03.2020 ലെ പരിപത്രം നമ്പർ DGE/Circular/2019-2020/
2. 19.03.2020 ലെ പരിപത്രം നമ്പർ PS1(B)/Covid-19/മുൻകരുതൽ/2020
3. 23.03.2020 ലെ പരിപത്രം നമ്പർ D(D,IT&HRM)/COVID19/2019-20
4. 24.03.2020 ലെ പരിപത്രം നമ്പർ D(D,IT&HRM)/COVID19/2019-20/2
5. 25.03.2020 ലെ പരിപത്രം നമ്പർ D(D,IT&HRM)/COVID19/2019-20/3
6. 31.03.2020 ലെ പരിപത്രം നമ്പർ D(D,IT&HRM)/COVID19/2019-20/5
7. 18.04.2020 ലെ പരിപത്രം നമ്പർ D(D,IT&HRM)/COVID19/2019-20/6
8. 21.04.2020 ലെ പരിപത്രം നമ്പർ D(D,IT&HRM)/COVID19/2019-20/7
9. 27.04.2020 ലെ പരിപത്രം നമ്പർ D(D,IT&HRM)/COVID19/2019-20/8
10. 29.04.2020 ലെ പരിപത്രം നമ്പർ D(D,IT&HRM)/COVID19/2019-20/9
11. 30.04.2020 ലെ പരിപത്രം നമ്പർ D(D,IT&HRM)/COVID19/2019-20/10
12. 05.05.2020 ലെ പരിപത്രം നമ്പർ D(D,IT&HRM)/COVID19/2019-20/11
13. 08.05.2020 ലെ പരിപത്രം നമ്പർ D(D,IT&HRM)/COVID19/2019-20/12
14. 16.05.2020 ലെ പരിപത്രം നമ്പർ D(D,IT&HRM)/COVID19/2019-20/13
15. 18.05.2020 ലെ പരിപത്രം നമ്പർ D(D,IT&HRM)/COVID19/2019-20/14
16. 19.05.2020 ലെ പരിപത്രം നമ്പർ D(D,IT&HRM)/COVID19/2019-20/15
17. 19.05.2020 ലെ പരിപത്രം നമ്പർ D(D,IT&HRM)/COVID19/2019-20/16
18. 01.06.2020 ലെ പരിപത്രം നമ്പർ D(D,IT&HRM)/COVID19/2019-20/17
19. 10.06.2020 ലെ പരിപത്രം നമ്പർ D(D,IT&HRM)/COVID19/2019-20/18
20. 22.06.2020 ലെ പരിപത്രം നമ്പർ D(D,IT&HRM)/COVID19/2019-20/19
21. 02.07.2020 ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 128/2020/ പൊ. ഭ.വ.

ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസിന്റെ പരിധിയിലുള്ള ഹോട്ട്സ്പോട്ട് പ്രദേശങ്ങളിൽ മീറ്റർ റീഡിങ് ഒഴിവാക്കണമെന്നും ശരാശരി ഉപഭോഗത്തിന്റെ അടിസ്ഥാനത്തിൽ ബിൽ തയ്യാറാക്കി നൽകണമെന്നും സൂചന 20 പരിപത്രം പ്രകാരം നിർദ്ദേശിച്ചിരുന്നു. രാജ്യവ്യാപകമായി അൺലോക്ക് പ്രക്രിയ ആരംഭിച്ചതിനെ തുടർന്ന് ഭൂരിഭാഗം സ്ഥലങ്ങളിലും മുൻപ് ഉണ്ടായിരുന്ന പല നിയന്ത്രണങ്ങൾക്കും ഇപ്പോൾ ഇളവുകൾ നല്കിയിട്ടുണ്ട്. ലോക്ക്ഡൌൺ മൂലം താമസം നേരിട്ട ഊർജ്ജ കേരള മിഷൻ , കെ ഫോൺ എന്നീ പദ്ധതികളിൽ ഉൾപ്പെട്ട നിർമ്മാണ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കേണ്ടതുണ്ട്. അതുപോലെ, ശരാശരി ഉപഭോഗത്തിന്റെ അടിസ്ഥാനത്തിൽ നൽകിയ ബില്ലുകൾ സംബന്ധിച്ച പരാതികൾ വ്യാപകമാകുന്ന സാഹചര്യത്തിൽ സാധ്യമായ പരമാവധി ഉപഭോക്താക്കൾക്ക് മീറ്റർ റീഡിങ് അടിസ്ഥാനത്തിൽത്തന്നെ ബില്ല് നൽകേണ്ടതുമുണ്ട്. കോവിഡ്19 രോഗബാധിതനാണെന്ന്




*(Incorporated under the Indian Companies Act, 1956)***CIN:U40100KL2011SGC027424**
*Reg. Office: VydyuthiBhavanam, Pattom, Thiruvananthapuram – 695 004 Website: www.kseb.in*

പരിശോധനയിൽ കണ്ടെത്തിയ ഒരു വ്യക്തി സെക്ഷൻ ഓഫീസിൽ വന്നതിനെത്തുടർന്ന് ഒരു ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് ജീവനക്കാർ നിരീക്ഷണത്തിൽ പോകേണ്ട സ്ഥിതിവിശേഷവും സംജാതമാകുകയും ആയത് സെക്ഷൻ ഓഫീസിന്റെ സുഗമമായ പ്രവർത്തനത്തിന് തടസ്സം സൃഷ്ടിക്കുകയും ചെയ്തിരുന്നു. ഇക്കാര്യങ്ങൾ പരിഗണിച്ച് KSEBയുടെ വിവിധ ഓഫീസുകളുടെ പ്രവർത്തനം സംബന്ധിച്ച് താഴെപ്പറയുന്ന തുടർനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. സൂചന 20 പരിപത്രം പ്രകാരം ഹോട്ട്സ്പോട്ട് പ്രദേശത്ത് റീഡിംഗ് ഒഴിവാക്കുന്നതിന് നിർദ്ദേശം നല്കിയിരുന്നു. റീഡിംഗ് ഒഴിവാക്കുന്നത് ജില്ലാ ഭരണകൂടം കണ്ടെയിന്മെന്റ് സോൺ ആയി പ്രഖ്യാപിക്കുകയും വാഹന ഗതാഗതം ഉൾപ്പെടെയുള്ളവയ്ക്ക് കർശനനിയന്ത്രണം ഏർപ്പെടുത്തിയിട്ടുള്ളതുമായ പ്രദേശങ്ങളിലേക്ക് മാത്രം ബാധകമാക്കി മേൽനിർദ്ദേശം പരിഷ്കരിക്കുന്നു. അടിയന്തിര ചികിത്സ ഉൾപ്പെടെയുള്ള അവശ്യ സർവ്വീസുകൾക്ക് ഒഴികെ അകത്തേക്കും പുറത്തേക്കുമുള്ള വാഹനഗതാഗതവും ജനസഞ്ചാരവും താത്കാലികമായി നിർമ്മിച്ച തടസ്സങ്ങളിലൂടെ കർശന നിയന്ത്രണങ്ങൾക്ക് വിധേയമാക്കിയിട്ടുള്ള (perimeter control) പ്രദേശങ്ങൾ ആണ് കണ്ടെയിന്മെന്റ് സോണുകൾ. ഒരുപ്രദേശം മേൽപ്പറഞ്ഞ പ്രകാരം കണ്ടൈൻമെന്റ് സോൺ ആയി തുടരുന്ന കാലയളവിൽ മാത്രമാണ് മീറ്റർ റീഡിങ് ഒഴിവാക്കേണ്ടത്.
2. കണ്ടൈൻമെന്റ് സോണുകളിലെ ഉപഭോക്താക്കൾക്ക് സ്വന്തമായി മീറ്റർ റീഡിങ് നടത്തുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തുന്നത് ബില്ലിങ് സംബന്ധിച്ച പരാതികൾ കുറയ്ക്കുന്നതിന് സഹായകമാകും എന്ന നിർദ്ദേശം പരിഗണിച്ച് അവശ്യഘട്ടങ്ങളിൽ 'സെൽഫ് റീഡിങ്' ലഭ്യമാക്കാനുള്ള ഐ.റ്റി അധിഷ്ഠിത സേവനം ഏർപ്പെടുത്തുന്നതിന് ചീഫ് എഞ്ചിനീയർ (ഐറ്റി, സി.ആർ & ക്യാപ്സ്)നെ ചുമതലപ്പെടുത്തുന്നു.
3. ബിൽ തീയതിയിൽ ഒരു ഉപഭോക്താവിന്റെ വീട് / സ്ഥാപനം കണ്ടൈൻമെന്റ് സോണിൽ ഉൾപ്പെട്ടതിനാൽ റീഡിംഗ് എടുക്കാൻ സാധിക്കില്ല എന്ന വിവരം മീറ്റർ റീഡറുടെ സഹായത്തോടെ ഫോൺ നമ്പർ ലഭ്യമായ ഉപഭോക്താക്കളെ മുൻകൂട്ടി അറിയിക്കേണ്ടതാണ്. നിലവിലെ മീറ്റർ റീഡിംഗ് ഫോട്ടോ സഹിതം ലഭ്യമാക്കിയാൽ ആയത് പ്രകാരം ബിൽ തയ്യാറാക്കി നല്കുന്നതിനുള്ള സാധ്യതയും ഉപഭോക്താവിനെ അറിയിക്കാവുന്നതുമാണ്. ഈ വിധത്തിൽ റീഡിംഗ് ലഭിക്കാത്ത എല്ലാ ഉപഭോക്താക്കൾക്കും ശരാശരി ഉപഭോഗത്തിന്റെ അടിസ്ഥാനത്തിൽ ബിൽ തയ്യാറാക്കി നൽകേണ്ടതാണ്. രണ്ടാം ഖണ്ഡികയിൽ പറയുന്ന ഐ.റ്റി അധിഷ്ഠിത സേവനം നിലവിൽ വരുന്നത് വരെ ഈ ക്രമീകരണം തുടരേണ്ടതാണ്.
4. നിർമ്മാണ പ്രവൃത്തികൾ / അറ്റകുറ്റപ്പണികൾ എന്നിവ പൂർണ്ണതോതിൽ പുനരാരംഭിക്കേണ്ടതാണ്. എന്നാൽ സംസ്ഥാനത്തെ സ്കൂൾ കോളേജ് വിദ്യാർത്ഥികൾക്കായി കൈറ്റ് വിക്ടേഴ്സ് ചാനൽ മുഖേന ക്ലാസുകൾ നടന്നുവരുന്നതിനാൽ വൈദ്യുതിതടസ്സങ്ങൾ പരമാവധി ഒഴിവാക്കാൻ വേണ്ട മുൻകരുതലുകൾ ആവശ്യമാണ്. വൈദ്യുതി തടസ്സം ഉണ്ടാക്കുന്ന നിർമ്മാണ പ്രവൃത്തികളും അറ്റകുറ്റപ്പണികളും നടത്തുമ്പോൾ സമീപമുള്ള സെക്ഷൻ ഓഫീസുകൾ, സബ്സ്റ്റേഷനുകൾ എന്നിവയുടെ പ്രവൃത്തികൾ ഏകോപിപ്പിച്ചുകൊണ്ടും, ബാക്ക്ഫീഡിങ് സംവിധാനങ്ങൾ ഉപയോഗപ്പെടുത്തിയും വൈദ്യുതി തടസ്സത്തിന്റെ ദൈർഘ്യവും ബാധിക്കുന്ന ഉപഭോക്താക്കളുടെ എണ്ണവും കുറയ്ക്കാൻ ശ്രദ്ധിക്കേണ്ടതാണ്. സംപ്രേക്ഷണസമയത്തു വൈദ്യുതിതടസ്സം ഉണ്ടാകുന്ന പ്രദേശങ്ങളിൽ പുനഃസംപ്രേക്ഷണ സമയത്തു വൈദ്യുതിതടസ്സം ഇല്ലെന്ന് ഉറപ്പു വരുത്തേണ്ടതാണ്.
5. മേൽ സൂചിപ്പിച്ച പ്രകാരം ഉണ്ടാകാവുന്ന വൈദ്യുതിതടസ്സങ്ങൾ സംബന്ധിച്ച വിവരം ഉപഭോക്താക്കളെ ഔട്ടേജ് മാനേജ്മെന്റ് സിസ്റ്റം (OMS ) സോഫ്റ്റ്‌വെയർ ഉപയോഗിച്ച് SMS മുഖേനെ മുൻകൂട്ടി അറിയിക്കണം. കൂടാതെ പത്ര ദൃശ്യ ശ്രവ്യ മാധ്യമങ്ങൾ വഴിയും വൈദ്യുതിതടസ്സങ്ങൾ സംബന്ധിച്ച അറിയിപ്പ് നൽകേണ്ടതാണ്.
6. നിലവിലെ അസാധാരണ സാഹചര്യത്തിൽ വൈദ്യുതിബിൽ തുക അടയ്ക്കുന്നതിന് ഒഴികെ മറ്റ് ആവശ്യങ്ങൾക്കായി ഉപഭോക്താക്കൾ ഓഫീസിൽ വരുന്നതിൽ കർശന നിയന്ത്രണം ഏർപ്പെടുത്തേണ്ടതുണ്ട്. പുതുതായി വൈദ്യുതി കണക്ഷൻ ലഭിക്കാനുള്ള അപേക്ഷകൾ ഓൺലൈൻ ആയി മാത്രം സ്വീകരിക്കേണ്ടതാണ്. മീറ്റർ / ലൈൻ / പോസ്റ്റ് മാറ്റി സ്ഥാപിക്കൽ, ഉടമസ്ഥാവകാശം, കണക്റ്റഡ്

ലോഡ് എന്നിവ മാറ്റുക തുടങ്ങിയ പൊതുവായ സേവനങ്ങൾക്ക് താത്കാലിക നിയന്ത്രണം ഏർപ്പെടുത്തുന്നു. ഈ സേവനങ്ങൾക്കുള്ള അപേക്ഷയും ഓൺലൈൻ ആയി സമർപ്പിക്കുന്നതിന് അടിയന്തിരമായി നടപടികൾ സ്വീകരിക്കാൻ ചീഫ് എഞ്ചിനീയർ (ഐറ്റി, സി.ആർ & ക്യാപ്സ്)നെ ചുമതലപ്പെടുത്തുന്നു.

വൈദ്യുതി തടസ്സം സംബന്ധിച്ച പരാതികളും വൈദ്യുതി ചാർജ്ജ് തവണകളായി അടയ്ക്കുന്നതിനുള്ള അപേക്ഷയും ഫോണിലൂടെ സ്വീകരിക്കേണ്ടതാണ്. ഇതിനായി ഉപഭോക്താക്കൾ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസുകളിലും കേന്ദ്രീകൃത കസ്റ്റമർ കെയർ സെന്ററിലും ഫോണിലൂടെ മാത്രം ബന്ധപ്പെടേണ്ടതാണ്. പരാതിക്കാരന് / അപേക്ഷകന് തത്സമയം തന്നെ ഡോക്കറ്റ് നമ്പർ നല്കേണ്ടതാണ്.

7. തിങ്കൾ മുതൽ വെള്ളിവരെയുള്ള ദിവസങ്ങളിൽ ഓൺലൈൻ ക്ലാസ്സുകൾ നടക്കുന്നതിനാൽ മാറ്റി വയ്ക്കേണ്ടി വന്നിട്ടുള്ള ജോലികൾ ശനി, ഞായർ ദിവസങ്ങളിൽ പൂർത്തീകരിക്കേണ്ടതാണ്.

8. ജീവനക്കാർ നേരിട്ട് ഹാജർ രേഖപ്പെടുത്തുന്നത് നിരുത്സാഹപ്പെടുത്തിക്കൊണ്ടും ബയോമെട്രിക് പഞ്ചിംഗ് ഒഴിവാക്കിക്കൊണ്ടും മുൻപരിപത്രങ്ങൾ പ്രകാരം നിർദ്ദേശം നല്കിയിരുന്നു. പഞ്ചിംഗ് നിലവിലുള്ള ഓഫീസുകളിൽ 'ബയോമെട്രിക് അറ്റൻഡൻസ് റിക്കോർഡിംഗ്' ഒഴിവാക്കി 'കാർഡ് ഒൺലി അറ്റൻഡൻസ് റിക്കോർഡിംഗ്' സംവിധാനം ഉടനടി ആരംഭിക്കേണ്ടതാണ്. ഇതിന് വേണ്ട ക്രമീകരണങ്ങൾ തിരുവനന്തപുരം വൈദ്യുതിഭവനത്തിൽ ചീഫ് പെഴ്സണൽ ഓഫീസറും, മറ്റ് ഓഫീസുകളിൽ ബന്ധപ്പെട്ട സിസ്റ്റം അഡ്മിനിസ്ട്രേറ്റർമാരും ചെയ്യേണ്ടതാണ്. പഞ്ചിംഗ് നിലവിലില്ലാത്ത ഓഫീസുകളിൽ ഇനിമുതൽ ജീവനക്കാർ നേരിട്ട് ഹാജർ രേഖപ്പെടുത്തേണ്ടതാണ്.

9. കണ്ടൈൻമെന്റ് സോണിനു പുറത്തുള്ള എല്ലാ ഓഫീസുകളും പൂർണ്ണ തോതിൽ പ്രവർത്തിക്കേണ്ടതാണ്. കൃത്യമായ സാമൂഹിക അകലം പാലിക്കപ്പെടുന്നു എന്ന് എല്ലാ ജീവനക്കാരും ഉറപ്പുവരുത്തണം.

10. ഓഫീസ് സ്ഥിതിചെയ്യുന്ന പ്രദേശം perimeter control നിലവിലുള്ള കണ്ടൈൻമെന്റ് സോൺ ആയി തുടരുന്നപക്ഷവും എക്സിക്യൂട്ടീവ് എഞ്ചിനീയർ / അക്കൗണ്ട്സ് ഓഫീസർ തുടങ്ങി മുകളിലേക്കുള്ള ഉദ്യോഗസ്ഥർ എല്ലാ പ്രവൃത്തിദിവസവും ഓഫീസിൽ ഹാജരാകേണ്ടതുണ്ട്. പ്രസ്തുത ഓഫീസുകളിലെ മറ്റു ജീവനക്കാരിൽ ആവശ്യാനുസരണം ഓരോദിവസവും ആരൊക്കെ ഓഫീസിൽ ഹാജരാകണമെന്നത് ഓഫീസ് അധികാരി തീരുമാനിക്കേണ്ടതാണ്. ഓഫീസിൽ ഹാജരാകേണ്ടാത്ത ദിവസങ്ങളിൽ ജീവനക്കാർ 'താമസസ്ഥലത്ത് നിന്നും ജോലി ചെയ്യുക (വർക്ക് ഫ്രം ഹോം) - വിളിക്കുമ്പോൾ ഹാജരാകുക (ഓൺ കോൾ)' എന്ന നിലയിൽ പ്രവർത്തിക്കേണ്ടതാണ്.

11. കണ്ടൈൻമെന്റ് സോണുകളിൽ ആസ്ഥാനമുള്ള ഓഫീസുകളിൽ അപകട സാഹചര്യങ്ങൾ ഒഴിവാക്കുന്നതിനും, വൈദ്യുതി തടസ്സം നേരിട്ടാൽ വിതരണം പുനസ്ഥാപിക്കുന്നതിനുമുള്ള 'ബ്രേക്ക്ഡൌൺ മെയിന്റനൻസ് വിഭാഗം' മാത്രമേ പ്രവൃത്തിക്കുകയുള്ളു. ബില്ലിംഗ് വിഭാഗം, ക്യാഷ് കൌണ്ടർ എന്നിവ പ്രവർത്തിക്കില്ല എന്നതും, യാതൊരു കാരണവശാലും സന്ദർശകർക്ക് പ്രവേശനം അനുവദിക്കില്ല എന്നതും സംബന്ധിച്ച അറിയിപ്പ് ഓഫീസിനു പുറത്തു സ്ഥാപിക്കുന്നത് ഉചിതമായിരിക്കും. കണ്ടൈൻമെന്റ് സോണുകളിൽ അടിയന്തിര സ്വഭാവമില്ലാത്ത നിർമ്മാണ / അറ്റകുറ്റ പ്രവർത്തനങ്ങൾ നിർത്തിവയ്ക്കേണ്ടതാണ്.

12. കണ്ടൈൻമെന്റ്സോണിൽ നിന്നും വരുന്ന ജീവനക്കാർക്ക് ഓഫീസിൽ വരുന്നതിൽ നിന്നും ഇളവ് നൽകാവുന്നതാണ്. കണ്ടൈൻമെന്റ് സോണിൽ നിന്നും വരുന്ന ജീവനക്കാരന്റെ സേവനം ഏതെങ്കിലും ഘട്ടത്തിൽ ആവശ്യമുണ്ടെങ്കിൽ, ഓഫീസിൽ ഹാജരാകേണ്ടതാണ്. ഇത്തരത്തിൽ വരുന്ന ജീവനക്കാർ കൃത്യമായ സാമൂഹിക അകലം പാലിക്കേണ്ടതും, മറ്റു ജീവനക്കാരുമായി അടുത്തിടപഴകാതെ അത്യാവശ്യ ജോലികൾ നിർവഹിച്ച ശേഷം മടങ്ങിപ്പോകേണ്ടതുമാണ്.

Sanjeev

**ചെയർമാൻ & മാനേജിങ്ങ് ഡയറക്ടർ**

എല്ലാ ഓഫീസ് മേധാവികൾക്കും